**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1833** **13-02-2025 - ൽ മറുപടിയ്ക്ക്**

**മുനമ്പം വിഷയം രമ്യമായി പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മുനമ്പത്ത് കിടപ്പാടത്തിനായി സമരം ചെയ്യുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | മുനമ്പത്ത് കിടപ്പാടത്തിനായി സമരം ചെയ്യുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. അതിനൊരു ശാശ്വത പരിഹാരം കണ്ടെത്തി സർക്കാർ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് മൂന്ന് മാസത്തിനകം ശിപാർശ ചെയ്യുന്നതിലേക്കായി 1952-ലെ കമ്മീഷൻസ് ഓഫ് എൻക്വയറി ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് മുൻ ഹൈക്കോടതി ജഡ്ജി ശ്രീ.സി.എൻ. രാമചന്ദ്രൻ നായരെ എൻക്വയറി കമ്മീഷനായി നിയോഗിച്ച് സർക്കാർ ഇതിനകം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കമ്മീഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | മുനമ്പത്തെ നിലവിലെ താമസക്കാർക്ക് ഭൂമിയുടെ പൂർണ്ണ അവകാശം നൽകി യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | (A) പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ